I/183625/2024

ഫയൽ നം : സി1/8/2024-റ്റി.സി തിയതി : 21-02-2024

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നമ്പർ - 4/2024**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നത് - സംബന്ധിച്ച്

സൂചന :- -

**ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് കൂടുതൽ കാര്യക്ഷമമാക്കാൻ** തീരുമാനിച്ചിരിക്കുന്നതിന്റെ **അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കേണ്ടതാണ്.**

1. ഇരുചക്ര വാഹനങ്ങളിൽ ഹാൻഡിൽ ബാറിൽ ഗിയർ സെലക്ഷൻ സംവിധാനത്തോടുകൂടിയവ ഇപ്പോൾ രാജ്യത്ത് നിർമ്മാണത്തിൽ ഇല്ലാത്തതും, ഇത്തരം സാങ്കേതികവിദ്യ കാലഹരണപ്പെട്ടതും ആണ്. ഇപ്പോൾ നിലവിലുള്ള എല്ലാ 'മോട്ടോർ സൈക്കിൾ വിത്ത് ഗിയർ' വാഹനങ്ങളും കാൽപാദം കൊണ്ടു പ്രവർത്തിപ്പിക്കുന്ന തരത്തിലുള്ള ഗിയർ സെലക്ഷൻ സംവിധാനത്തിലുള്ളതാണ്. ഹാൻഡിൽ ബാർ അധിഷ്ഠിത ഗിയർ സെലക്ഷൻ സംവിധാനത്തോടുകൂടിയ മോട്ടോർ സൈക്കിളിൽ ടെസ്റ്റ് നടത്തി യോഗ്യത നേടുന്ന അപേക്ഷകർ കാൽപാദം കൊണ്ട് പ്രവർത്തിപ്പിക്കുന്ന ഗിയർ സെലക്ഷൻ സംവിധാനമുള്ള മോട്ടോർ സൈക്കിൾ ഓടിക്കുന്നതിനുള്ള ക്ഷമത കൈവരിക്കുന്നില്ല. അപ്രകാരം യോഗ്യത നേടുന്ന അപേക്ഷകർ ടി മോട്ടോർ സൈക്കിൾ ഓടിക്കാൻ ശ്രമിക്കുന്നത് ഗുരുതരമായ സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യും. ആയതിനാൽ 'മോട്ടോർ സൈക്കിൾ വിത്ത് ഗിയർ' എന്ന വിഭാഗത്തിന് ഡ്രൈവിംഗ് ടെസ്റ്റിനായി ഉപയോഗിക്കേണ്ടത് കാൽ പാദം കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന ഗിയർ സെലക്ഷൻ സംവിധാനമുള്ളതും 95 C C-ക്കു മുകളിൽ എഞ്ചിൻ കപ്പാസിറ്റിയുള്ളതുമായ മോട്ടോർ സൈക്കിൾ ആയിരിക്കണം എന്ന് നിർദ്ദേശം നൽകുന്നു. ഈ നിർദ്ദേശം 01/05/2024. മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

2. ഡ്രൈവിങ്ങ് സ്കൂളുകളിൽ പരിശീലനത്തിനുപയോഗിക്കുന്ന വാഹനങ്ങളിൽ ഭൂരിഭാഗവും വളരെ കാലപ്പഴക്കം ചെന്നതും , പുതിയ വാഹനങ്ങളിലുള്ള സുരക്ഷാ സംവിധാനങ്ങൾ പലതും ഇല്ലാത്തതും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താത്തതുമാണ്. ഇത്തരം വാഹനങ്ങൾ ഡ്രൈവിങ്ങ് പരിശീലനത്തിനുപയോഗിക്കുന്നത് സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നതിനാൽ ഡ്രൈവിങ്ങ് സ്കൂൾ ലൈസൻസിൽ ചേർത്തു നൽകുന്ന വാഹനങ്ങളുടെ കാലപ്പഴക്കം 15 വർഷമായി നിജപ്പെടുത്താൻ നിർദ്ദേശം നൽകുന്നു. നിലവിൽ ഡ്രൈവിങ്ങ് സ്കൂൾ ലൈസൻസിൽ ചേർത്തിട്ടുള്ള 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ 01/05/2024 തീയതിയ്ക്ക് മുൻപായി നീക്കം ചെയ്യേണ്ടതും പകരം 15 വർഷത്തിൽ താഴെ പഴക്കമുള്ള വാഹനങ്ങൾ ലൈസൻസിൽ ചേർക്കേണ്ടതുമാണ്.

3. കേന്ദ്ര മോട്ടോർ വാഹന ചട്ടം 15(3) പ്രകാരമാണ് ഡ്രൈവിംഗ് ടെസ്റ്റ് ക്ഷമത പരിശോധിക്കുന്നത്. ലൈറ്റ് മോട്ടോർ വെഹിക്കിൾ വിഭാഗത്തിൽ ഡ്രൈവിംഗ് ടെസ്റ്റിനായി

ഉപയോഗിക്കുന്ന വാഹനത്തിൽ കേന്ദ്ര മോട്ടോർ വാഹന ചട്ടം 15 (3) (c), (d), (e), (t) എന്നിവയിൽ പരാമർശിക്കുന്നതിനനുസൃതമായും ഡ്രൈവിംഗ് ക്ഷമത പരിശോധിക്കേണ്ടതായുണ്ട്. എന്നാൽ ഓട്ടോമാറ്റിക് ഗിയർ / ഓട്ടോമാറ്റിക്ക് ട്രാൻസ്മിഷൻ ഉള്ള വാഹനങ്ങളിലും ഇലക്ട്രിക് വാഹനങ്ങളിലും ഡ്രൈവിംഗ് ടെസ്റ്റിനു വിധേയരാകുന്ന അപേക്ഷകരിൽ കേന്ദ്ര മോട്ടോർ വാഹന ചട്ടം 15 (3) (c), (d), (e), (t) എന്നിവയിൽ പരാമർശിക്കുന്നതിനനുസൃതമായി ഡ്രൈവിംഗ് ക്ഷമത പരിശോധിക്കാൻ സാധിക്കുകയില്ല. കൂടാതെ ഓട്ടോമാറ്റിക് ഗിയർ / ഓട്ടോമാറ്റിക്ക് ട്രാൻസ്മിഷൻ ഉള്ള വാഹനങ്ങളിലും, ഇലക്ട്രിക് വാഹനങ്ങളിലും ഡ്രൈവിംഗ് ടെസ്റ്റിനു വിധേയരാകുന്ന അപേക്ഷകർക്ക് സാധാരണ മാനുവൽ ഗിയർ ഉള്ള വാഹനം ഓടിക്കുന്നതിനു സാധിക്കുകയില്ല. ഇത്തരം വാഹനങ്ങൾ ഓടിക്കാൻ ശ്രമിക്കുന്നത് ഗുരുതരമായ സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നതിനാൽ ലൈറ്റ് മോട്ടോർ വാഹനങ്ങളുടെ ഡ്രൈവിംഗ് ടെസ്റ്റിനായി ഓട്ടോമാറ്റിക് ഗിയർ /ഓട്ടോമാറ്റിക്ക് ട്രാൻസ്മിഷൻ ഉള്ള വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളും ഉപയോഗിക്കാൻ പാടില്ല എന്ന നിർദ്ദേശം നൽകുന്നു.

4. മോട്ടോർ സൈക്കിൾ വിഭാഗത്തിലെ പാർട്ട് -2 റോഡ് ടെസ്റ്റ് കേന്ദ്ര മോട്ടോർ വാഹന ചട്ടം 15(3) അനുശാസിക്കുന്ന കാര്യങ്ങൾ പരിശോധിച്ചുകൊണ്ട് വാഹന ഗതാഗതമുള്ള റോഡിൽ നടത്തുവാൻ നിർദ്ദേശം നൽകുന്നു. ഗ്രൗണ്ടിൽ തന്നെ പാർട്ട് -2 റോഡ് ടെസ്റ്റ് നടത്തുന്നത് ഉദ്യോഗസ്ഥന്റെ കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി കണക്കാക്കുന്നതാണ്.

5. ലൈറ്റ് മോട്ടോർ വെഹിക്കിൾ വിഭാഗത്തിലെ ഡ്രൈവിംഗ് ടെസ്റ്റ് പാർട്ട്-1 (ഗ്രൗണ്ട് ടെസ്റ്റ്) ആംഗുലാർ പാർക്കിംഗ്, പാരലൽ പാർക്കിംഗ്, സിഗ്-സാഗ് ഡ്രൈവിംഗ്, ഗ്രേഡിയന്റ് ടെസ്റ്റ് എന്നിവ ഉൾപ്പെടുത്തി അനക്സർ 1-ൽ കൊടുത്തിരിക്കുന്ന മാതൃകയിൽ പരിഷ്കരിക്കാൻ നിർദ്ദേശം നൽകുന്നു. ഈ നിർദ്ദേശം 01/05/2024 തീയതി മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

6. പ്രതിദിനം ഒരു M V I യും ഒരു AMVI യും ചേർന്ന് ഡ്രൈവിങ്ങ് ടെസ്റ്റ് നടത്തേണ്ട അപേക്ഷകരുടെ എണ്ണം 30 ആയി നിജപ്പെടുത്തിയിരിക്കുന്നു. ഇതിൽ 20 എണ്ണം പുതിയ അപേക്ഷകരും 10 എണ്ണം നേരത്തെ പരാജയപ്പെട്ട അപേക്ഷകരുമായിരിക്കണം. 30 എണ്ണത്തിൽ കൂടുതൽ ആയാൽ ടെസ്റ്റിങ്ങ് കാര്യക്ഷമമായി നടത്താൻ കഴിയാത്തതുകൊണ്ടാണ് ഇങ്ങനെ നിജപ്പെടുത്തിയിരിക്കുന്നത്. പരാജയപ്പെട്ട അപേക്ഷകരുടെ എണ്ണം 10 ൽ കുറവായാൽ കുറവു വരുന്ന എണ്ണം നേരത്തെ അപേക്ഷിച്ച് ടെസ്റ്റിന് ഹാജരാകാൻ കഴിയാതിരുന്നവർക്ക് മുൻഗണന പ്രകാരം നൽകാവുന്നതാണ്. 30 എണ്ണത്തിലധികം ടെസ്റ്റ് നടത്തിയാൽ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടിയുണ്ടാകുന്നതാണ്.

7. ലേണേഴ്സ് ടെസ്റ്റിന് അനുവദിക്കാവുന്ന അപേക്ഷകരുടെ എണ്ണം മുൻ ഖണ്ഡികയിൽ നിർദ്ദേശിച്ച ഡ്രൈവിംഗ് ടെസ്റ്റ് അപേക്ഷകരുടെ എണ്ണത്തിനു ആനുപാതികമായി രീതിയിൽ നിജപ്പെടുത്തേണ്ടതാണ് .

8. ഡ്രൈവിംഗ് ടെസ്റ്റിനായി ഉപയോഗിക്കുന്ന മോട്ടോർ ഡ്രൈവിംഗ് സ്കൂളിന്റെ എൽ.എം.വി. വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങളിൽ ടെസ്റ്റ് റെക്കോർഡ് ചെയ്യുന്നതിനായുള്ള ഡാഷ്ബോർഡ് ക്യാമറ യും Vehicle location tracking device (VLTD) ഡ്രൈവിംഗ് സ്കൂൾ ഉടമ വാങ്ങി ഘടിപ്പിക്കേണ്ടതാണ്. ടെസ്റ്റ് റെക്കോർഡ് ചെയ്ത മെമ്മറി കാർഡ് എം.വി.ഐ. കൈവശം കൊണ്ടുപോകേണ്ടതും അതിലെ ഡാറ്റാ ഓഫീസിലെ കംപ്യൂട്ടറിലേക്ക് മാറ്റിയ ശേഷം മെമ്മറി

കാർഡ് തിരികെ നൽകേണ്ടതുമാണ്. ഡാറ്റാ മൂന്ന് മാസകാലയളവിലേക്ക് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. ഈ നിർദ്ദേശം 01/05/2024 തീയതി മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

9 . ലൈറ്റ് മോട്ടോർ വെഹിക്കിൾ വിഭാഗത്തിൽ പാർട്ട് – 1 ഡ്രൈവിംഗ് ടെസ്റ്റ് കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കിൽ നടക്കുന്ന സ്ഥലങ്ങളിൽ ആംഗുലാർ പാർക്കിംഗ്, പാരലൽ പാർക്കിംഗ്, സിഗ്-സാഗ് ഡ്രൈവിംഗ്, ഗ്രേഡിയന്റ് ടെസ്റ്റ് എന്നിവ പ്രത്യേകം ട്രാക്കിൽ പരിശോധിക്കേണ്ടതാണ്.


10 കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 24 (3) (viii) പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളും , സംസ്ഥാന സർക്കാരിന്റെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ബോർഡുകളും അംഗീകാരം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ നടത്തുന്ന Motor Mechanic അല്ലെങ്കിൽ Mechanical Engineering –ൽ ഉള്ള യോഗ്യത വിജയകരമായി പൂർത്തിയാക്കിയവർക്ക് Driving School Instructor ആകാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ Driving School Instructor മാരായി നിയമിക്കപ്പെടാനുള്ള യോഗ്യതയായി മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നുള്ള ഒരു regular course പാസായവരെ പരിഗണിയ്ക്കേണ്ടതാണ്.

**Signed by S Sreejith I P S**
**Date: 21-02-2024 19:26:13**
**Reason: Approved**

S SREEJITH I P S
TRANSPORT COMMISSIONER

സ്വീകർത്താവ് :- എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ എൻഫോഴ്സ്മെന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ചെക്ക് പോസ്റ്റ് എം.വി.ഐ. മാർക്കും

പകർപ്പ് : - അഡിഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, ജോ. ട്രാൻസ്പോർട്ട് കമ്മീഷണർ, സീനിയർ ഡി.റ്റി.സി. (ട്രാക്സ്), , സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലോ ഓഫീസർ എന്നിവരുടെ സി.എ. മാർ,
നോഡൽ ഓഫീസർ, എസ്.എസ്.ജി. സെൽ, സൂപ്രണ്ട് എസ്.എസ്.ജി. വിഭാഗം


4m
4m
4m
4m
4m
F
G
Zig Zag Driving
1m
2m
C
D
Reverse testing
6m
3m
I
Parallel parking
B
Gradient
Gradient
J
E
H
4M
5M
2m
5 M
45 Degree
A
Angular parking
Start
A to B --- Forward
B to C --- Reverse
C to D --- Forward
D to C to E --- Reverse
E to F to G --- Forward
G to H --- Forward
H to I --- Reverse
I to J --- Forward
J to C --- Forward
C to A --- Reverse
Forward stop B,D,H,J
Reverse stop A,C,E,I
* The vehicle always kept rolling except the above-mentioned points
* Gradient 1 in 10
* All dimensions are in meter
Testing path--- A - B - C - D - E -F - G -H - I - J - C - E - A